**കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്**

RCS/3043/2024-EA(2) തിരുവനന്തപുരം, തീയതി.19-08-2024

website: www.cooperation.kerala.gov.in

e-mail: keralarcs.coop@kerala.gov.in

വിഷയം:- സഹകരണ വകുപ്പ് – ജീവനക്കാര്യം – 2024 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം– അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നത് – സംബന്ധിച്ച്.

പരാമർശം:- 1. സർക്കാരിന്റെ 04.06.2023 ലെ സ.ഉ (കൈ) 8/2023/ സഹ നമ്പർ ഉത്തരവ്

2. സഹകരണസംഘം രജിസ്ട്രാറുടെ 09.08.2024 ലെ RCS/3043/ 2024-EA(2) നമ്പർ ഉത്തരവ്

3. സഹകരണസംഘം രജിസ്ട്രാറുടെ 16.08.2024 ലെ RCS/3043/ 2024-EA(2) നമ്പർ നടപടിക്രമം

4. ഓൺലൈൻ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ജീവനക്കാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ

സഹകരണ വകുപ്പിലെ ജീവനക്കാരിൽ നിന്നും 2024 വർഷത്തെ ഓൺലൈൻ മുഖേനയുള്ള പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പരാമർശം (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിൽ ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി **19.08.2024 5 PM** വരെയും, പരാമർശം (3) പ്രകാരം പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ മേലധികാരി സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ട അവസാന തീയതി **21.08.2024 5 PM** വരെയുമായി നിജപ്പെടുത്തിയിരുന്നു. നിലവിൽ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് പരാമർശം (4) പ്രകാരം പരാതികൾ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

സഹകരണ വകുപ്പിൽ 2024 വർഷത്തെ ഓൺലൈൻ മുഖേനയുള്ള പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി **19.08.2024 5 PM- ൽ**

നിന്നും 22.08.2024 5 PM **വരെയും** പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ മേലധികാരി സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 21.08.2024 5 PM-ൽ നിന്നും 23.08.2024 5 PM വരെയും കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
SUBHASH.T.V IAS
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ് :-**

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
3. എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. എല്ലാ ഡി ഡി ഒ മാർക്കും
7. ഐ ടി സെൽ (വെബ് സെറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8. സ്റ്റോക്ക് ഫയൽസ്പെയർ /

//ആജ്ഞാനുസരണം//

**Signed by Arun S L**
**Date: 19-08-2024 15:44:12**

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ എ)